സാധു വായ്പ ലഭിച്ച കർഷകർക്ക് സഹായം

229 [282] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83-ലെ വരൾച്ചക്കാലത്ത് കുരുമുളക് കൃഷിക്ക് നാശനഷ്ടങ്ങൾ സംഭവിച്ച കണ്ണൂർ ജില്ലയിലെ ഏരുവേട്ട, നെടിയങ്ങ, വെള്ളാട്, നടുവിൽ തുടങ്ങിയ വില്ലേജുകളിലെ സാധു വായ്പ ലഭിച്ച കർഷകർക്ക് സഹായം നൽകാനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(ബി) റിവോൾവിംഗ് ഫണ്ടിൽനിന്നും ഈ കൃഷിക്കാർക്കുകൂടി സഹായം ലഭിക്കത്തക്ക രീതിയിൽ ഗവൺമെൻറ് ഉത്തരവിന് മുൻകാല പ്രാബല്യം നൽകുമോ ?

ഉത്തരം

(എ) വരൾച്ച ദുരിതാശ്വാസ പദ്ധതിയിൻകീഴിൽ കുരുമുളക് കൃഷി പുനരുദ്ധാരണ പരിപാടികൾക്കായി 49,598 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കാർഷിക കടങ്ങൾ മടക്കി അടയ്ക്കുന്നതിനുള്ള കാലാവധി നീട്ടി കൊടുക്കുകയും, പുതിയ വായ്പ ആവശ്യമുള്ള കർഷകർക്ക് അപേക്ഷിക്കുവാനുള്ള അവസരവും നൽകിയിട്ടുണ്ട്.

(ബി) 1984 ഏപ്രിൽ മാസത്തിൽ പ്രാബല്യത്തിൽ വന്ന ദുരിതാശ്വാസ സഹായ നിയമങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്.

നാളികേര വിലയിടിവുമൂലമുണ്ടായ നഷ്ടം

230 [284] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാളികേര വിലയിടിവുമൂലം 1986 സെപ്റ്റംബർ 30 വരെ കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്തിനുണ്ടായ മൊത്തം നഷ്ടമെത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സർക്കാർ തലത്തിൽ കണക്കാക്കപ്പെട്ടിട്ടില്ല.

നാളികേര കർഷകർക്ക് സഹായം

231 [285] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര കർഷകർക്ക് ഓപ്പറേഷൻ ഫ്ളഡ് പരിപാടിയുടെ മാതൃകയിൽ സഹായം നൽകാൻ ഈ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) നാളികേരത്തിന്റെയും നാളികേര ഉൽപ്പന്നങ്ങളുടെയും സംഭരണം, സംസ്ക്കരണം, വിപണനം തുടങ്ങിയവ നവീകരിക്കുന്നതിനും ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് പുനഃസംഘടിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു കരട് പദ്ധതി തയ്യാറാക്കി ദേശീയ ക്ഷീര വികസന ബോർഡിന്റെയും ദേശീയ സഹകരണ വികസന കോർപ്പറേഷന്റെയും സഹായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

കരീപ്ര കൃഷിവികസന ഓഫീസുവഴി കൃഷിനാശം സംഭവിച്ച വർക്ക് വിതരണംചെയ്ത തുക

232 [286] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85, 1985-86 എന്നീ വർഷങ്ങളിൽ കൊല്ലം ജില്ലയിൽ കരീപ്ര കൃഷിവികസന ആഫീസ്വഴി കൃഷിനാശം സംഭവിച്ചവർക്കായി എന്തുതുക വിതരണം ചെയ്തു ;

(ബി) എത്രപേർക്കാണ് തുക വിതരണം ചെയ്തത് ;

(സി) കടയ്ക്കോട് വാർഡിൽ വടക്കേചെരുവിള വീട്ടിൽ കുട്ടപ്പൻ എന്ന ഹരിജൻ യുവാവിന്റെ കായ്ഫലമുള്ള തെങ്ങുകളും മറ്റും ഇടിവെട്ടേറ് നഷ്ടപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ;

(എഫ്) തിട്ടപ്പെടുത്തിയിട്ടുള്ള നഷ്ട പരിഹാര തുക എത്ര ;

(ജി) ഈ തുക ശ്രീ. കുട്ടപ്പന് നൽകിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ഉടനടി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(ഐ) കൃഷിനാശം സംഭവിച്ചത് കൃത്യസമയത്ത് അന്വേഷിച്ച് നടപടികൾ സ്വീകരിക്കാതിരുന്നവരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1984-85 വർഷം 4070 രൂപയും 1985-86-ൽ 40134.50 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) 1984-85-ൽ 4 കൃഷിക്കാർക്കും, 1985-86-ൽ 226 കൃഷിക്കാർക്കും കൂടി ആകെ 230 കൃഷിക്കാർക്ക് ടി തുക വിതരണം ചെയ്യുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കൊട്ടാരക്കര സബ്ഡിവിഷൻ അഗ്രിക്കൾച്ചറൽ ആഫീസർ.

(എഫ്) ഇടിവെട്ടേറ് നശിച്ച 3 തെങ്ങുകൾക്ക് തെങ്ങൊന്നിന് 125 രൂപ വീതം 375 രൂപ.

(ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly